വാർത്താക്കുറിപ്പ്
**2026 ഒക്ടോബർ 13**

മഹാത്മാഗാന്ധി സർവകലാശാലയിൽ സി.പി.ആർ. പരിശീലന പരിപാടി സംഘടിപ്പിച്ചു

മഹാത്മാഗാന്ധി സർവകലാശാലയുടെയും കാഞ്ഞിരപ്പള്ളി മേരി ക്വീൻസ് മിഷൻ ഹോസ്പിറ്റലിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ സി.പി.ആർ. പരിശീലനം സംഘടിപ്പിച്ചു. കേന്ദ്രസർക്കാരിന്റെ അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ-പെയർ പ്രൊജക്റ്റിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. സർവകലാശാലാ ഹെൽത്ത് സെന്ററിൽ നടന്ന ആദ്യ പരിശീലനം വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂത്തു ഉദ്ഘാടനം ചെയ്തു.

ഏതൊരു അടിയന്തര ഘട്ടത്തിലും 'ഗോൾഡൻ അവർ' നിർണായകമാണെന്ന് വൈസ് ചാൻസലർ അഭിപ്രായപെട്ടു. കൃത്യസമയത്ത് ഇടപെടാനായാൽ പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാധിക്കും. ജീവിതശൈലീരോഗങ്ങൾ മൂലം ഹൃദയാഘാതം സ്കൂൾ കുട്ടികളിൽ പോലും കണ്ടുവരുന്ന ഈ കാലത്ത്, സി.പി.ആറിനെക്കുറിച്ചും അടിയന്തര ശുശ്രൂഷകളെക്കുറിച്ചുമുള്ള ധാരണ ഏവർക്കും ഉണ്ടായിരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മേരി ക്വീൻസ് മിഷൻ ഹോസ്പിറ്റൽ സി.ഇ.ഒ.യും ഡയറക്ടറുമായ ഫാ. മാർട്ടിൻ എം. പരിപാടിയിൽ സംബന്ധിച്ചു. ഹോസ്പിറ്റൽ ജീവനക്കാരായ അജോ ജോസ്, സോണി സെബാസ്റ്റ്യൻ, കിരൺ കമാൽ, സൂര്യ എലിസബത്ത് ജോൺ എന്നിവർ സി.പി.ആർ. പരിശീലനത്തിന് നേതൃത്വം നൽകി.

സർവകലാശാലാ സ്കൂൾ ഓഫ് ബയോസയൻസസ് പ്രൊഫസറും എ.എൻ.ആർ.എഫ്.- പെയർ പ്രൊജക്റ്റ് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററുമായ പ്രൊഫ. (ഡോ.) ഇ.കെ. രാധാകൃഷ്ണൻ, പ്രൊജക്റ്റ് റിസർച്ച് അസോസിയേറ്റ് ഡോ. ചന്ദന സി., സർവകലാശാലാ ഹെൽത്ത് സെന്ററിലെ ഡോക്ടർ ജിക്സൺ കെ. ജോൺ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

തുടർന്ന് സെനറ്റ് ഹാളിലും പരിശീലനപരിപാടി സംഘടിപ്പിച്ചു.

ഹൃദയസ്തംഭനം സംഭവിക്കുന്ന ഒരാളുടെ ജീവൻ രക്ഷിക്കാൻ ചെയ്യുന്ന അടിയന്തര പ്രഥമശുശ്രൂഷാ നടപടിയാണ് സി.പി.ആർ.

ഫോട്ടോ ക്യാപ്ഷൻ: വൈസ് ചാൻസലർ പരിപാടി ഉദ്ഘാടനം ചെയ്യുന്നു.

പി. ആർ.ഒ/919/2026

മഹാത്മാഗാന്ധി സർവകലാശാലയിൽ അന്താരാഷ്ട്ര ദുരന്തസാധ്യതാ ലഘൂകരണ ദിനാചരണം

അന്താരാഷ്ട്ര ദുരന്തസാധ്യതാ ലഘൂകരണ ദിനത്തോടനുബന്ധിച്ച് മഹാത്മാഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ 12, 13 തീയതികളിലായി രണ്ടു ദിവസത്തെ ദിനാചരണം സംഘടിപ്പിച്ചു. "പ്രതിരോധത്തിന്റെ തുടക്കം വീട്ടിൽ നിന്ന്" എന്ന 2026-ലെ പ്രമേയം മുൻനിർത്തിക്കൊണ്ട് സംഘടിപ്പിച്ച പരിപാടി സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസ് ഡയറക്ടർ ഡോ. മഹേഷ് മോഹൻ ഉദ്ഘാടനം ചെയ്തു. ഫാക്കൽറ്റി ഓഫ് എർത്ത് ആന്റ് എൻവയോൺമെന്റൽ സയൻസസ് ഡീൻ പ്രൊഫ. (ഡോ.) ബൈജു കെ. ആർ. അദ്ധ്യക്ഷത വഹിച്ചു. ഡോ. സൈലസ് വി. പി., ഡോ. സിബു സൈമൺ, ദേവിക പി. സാജൻ, ഹപ്രീത് എച്. തുടങ്ങിയവർ പരിപാടിയിൽ സംസാരിച്ചു.

ഇന്ത്യൻ റെഡ് ക്രോസ്സ് സൊസൈറ്റിയുടെ പ്രതിനിധി പ്രിൻസ് വർഗീസ് പ്രഥമ ശുശ്രൂഷയിലും അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിലും വേണ്ട അറിവിനെപ്പറ്റി പരിശീലന ക്ലാസ്സ് നടത്തി. റെഡ് ക്രോസ്സ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെയും വിദ്യാർത്ഥികൾക്കുള്ള അവസരങ്ങളെയും പരിചയപ്പെടുത്തിയ ക്ലാസ്സിൽ സി.പി.ആർ. ഉൾപ്പെടെയുള്ള പ്രായോഗിക പരിശീലനങ്ങളും നടന്നു.

ദിനാചരണത്തിന്റെ ഭാഗമായി കാർട്ടൂൺ, ക്വിസ്, ഓൺലൈൻ പോസ്റ്റർ മത്സരങ്ങൾ, ഫ്ലാഷ്മോബ് എന്നിവയും സംഘടിപ്പിച്ചു.

ഫോട്ടോ ക്യാപ്ഷൻ: സി.പി.ആർ. ഡെമോൺസ്ട്രേഷൻ നടത്തുന്നു.

പി. ആർ.ഒ/920/2026

ഫുഡ് സയൻസ് ആന്റ് ടെക്നോളജിയിൽ കോ-ഓർഡിനേറ്റർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജിയിൽ കോ-ഓർഡിനേറ്റർ തസ്തികയിലേക്ക് ഇ./ബി./ടി. വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തെ കരാർ നിയമനമാണ്.

ഫുഡ് സയൻസ് ആൻഡ് ന്യൂട്രീഷൻ അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി., പത്ത് ഗവേഷണ പ്രബന്ധങ്ങൾ, 15 വർഷത്തെ അധ്യാപന/ഗവേഷണ പരിചയം എന്നിവ വേണം. 70 വയസ്സിൽ താഴെയുള്ളവർക്കാണ് അപേക്ഷിക്കാനാവുക. പ്രതിമാസ വേതനം 30,000 രൂപയാണ്.

ഒക്ടോബർ 27നകം രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം – 686560 എന്ന വിലാസത്തിൽ തപാൽ മുഖേന അപേക്ഷിക്കണം. വിശദമായ നോട്ടിഫിക്കേഷന് mgu.ac.in സന്ദർശിക്കുക.

പി. ആർ.ഒ/921/2026

അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

കോട്ടയം: മഹാത്മാ ഗാന്ധി സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. 2027 ഏപ്രിൽ 15 വരെയാണ് നിയമന കാലാവധി. മുസ്ലീം വിഭാഗത്തിന് സംവരണം ചെയ്തിരിക്കുന്ന ഒരു ഒഴിവിലേക്കാണ് നിയമനം. യു.ജി.സി മാനദണ്ഡപ്രകാരമുള്ള യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. മാസം 40000 രൂപയാണ് ശമ്പളം.

താല്പര്യമുള്ളവർ അപേക്ഷാ ഫോമും വയസ്സ്, യോഗ്യത, സംവരണം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം ഒക്ടോബർ 22 നകം ഇമെയിൽ മുഖേന അപേക്ഷ സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് mgu.ac.in.

പി. ആർ.ഒ/922/2026

വാക്ക്-ഇൻ-ഇന്റർവ്യൂ

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ ലാബ് ടെക്നീഷ്യൻ തസ്തികയിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. സയൻസ് വിഷയത്തിലുള്ള പ്ലസ്ടു/തത്തുല്യ സർട്ടിഫിക്കറ്റും, ഫിസിക്സ് ലബോറട്ടറിയിൽ അഞ്ച് വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. പ്രതിമാസം 25,000 രൂപയാണ് ശമ്പളം. പ്രായം 2026 ജനുവരി 1ന് 36 വയസ്സ് കവിയാൻ പാടില്ല. പ്രായപരിധിയിൽ നിയമാനുസൃത ഇളവുകൾ ഉണ്ടായിരിക്കുന്നതാണ്. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷയോടൊപ്പം ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പുകളുമായി ഒക്ടോബർ 26 തിങ്കളാഴ്ച രാവിലെ 10 മണിക്ക് സർവ്വകലാശാലാ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിലെ എ.ഡി.എ. 5 സെക്ഷനിൽ ഹാജരാകേണ്ടതാണ്. വാക്ക്-ഇൻ-ഇന്റർവ്യൂ അതേ ദിവസം രാവിലെ 10.30ന് നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക്: mgu.ac.in.

പി. ആർ.ഒ/923/2026

സർവകലാശാലാ പെൻഷൻകാർ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കണം

മഹാത്മാഗാന്ധി സർവകലാശാലാ പെൻഷൻകാരുടെ 2026 വർഷത്തെ ജീവനസാക്ഷ്യപത്രം (ലൈഫ് സർട്ടിഫിക്കറ്റ്) www.jeevanpramaan.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്താൻ സാധിക്കാത്തവർക്ക് സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള ഫോം ഡൗൺലോഡ് ചെയ്തും ജീവനസാക്ഷ്യപത്രം സമർപ്പിക്കാവുന്നതാണ്. ജീവൻപ്രമാൺ സൈറ്റ് ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർവകലാശാലാ വെബ്സൈറ്റിലും പെൻഷനേഴ്സ് പോർട്ടലിലും ലഭ്യമാണ്.

ഇതോടൊപ്പം എല്ലാ പെൻഷൻകാരും 'സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നില്ല' എന്ന സത്യവാങ്മൂലവും കുടുംബ പെൻഷൻകാർ 'വിവാഹം ചെയ്തിട്ടില്ല/പുനർവിവാഹം ചെയ്തിട്ടില്ല' എന്ന സത്യവാങ്മൂലവും മേൽ സൈറ്റുകളിൽ ലഭ്യമായ ഫോമുകളിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ ഇവ സമർപ്പിക്കാത്തപക്ഷം 2027 ജനുവരി മാസം മുതലുള്ള പെൻഷൻ വിതരണം മാറ്റിവയ്ക്കപ്പെടുന്നതാണ്.

ലൈഫ് സർട്ടിഫിക്കറ്റും സത്യവാങ്മൂലവും സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നവംബർ 15, 2026.

പി. ആർ.ഒ/924/2026

പരീക്ഷക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ എം.എ., എം.എസ്.സി., എം.കോം. (പിജിസിഎസ്എസ്) പ്രൈവറ്റ് രജിസ്ട്രേഷൻ (2020-2024 അഡ്മിഷൻ റീ-അപ്പീയറൻസ്, 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾക്ക് ഒക്ടോബർ 30 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 31 വരേയും, സൂപ്പർ ഫൈനോടെ നവംബർ 3 വരേയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദാംശങ്ങൾ വെബ്സൈറ്റിൽ.

പി. ആർ.ഒ/925/2026

പരീക്ഷാതീയതി

അഫിലിയേറ്റഡ് കോളേജുകളിലെ വിവിധ പഞ്ചവത്സര എൽ.എൽ.ബി. പ്രോഗ്രാമുകളുടെ ആറാം സെമസ്റ്റർ പരീക്ഷകൾ ഒക്ടോബർ 27 മുതൽ ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

പി. ആർ.ഒ/926/2026

പബ്ലിക് റിലേഷൻസ് ഓഫീസർ